ശ്രീ. എ. എൽ. ജേക്കബ് : തൽക്കാലം ഒന്നും പറയാൻ സാദ്ധ്യമല്ല.

ഡോക്ടർ കെ. സി. ജോസഫ് : തിരുവല്ലായിലുള്ള മന്നം ഷുഗർ മില്ലിൽ മരച്ചീനി ഉപയോഗിച്ചുകൊണ്ട് സ്പിരിട്ട് ഉണ്ടാക്കാനുള്ള ഒരു ഫാക്ടറിയെക്കുറിച്ചുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. അത് ഏറ്റവും വേഗം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചാൽ മരച്ചീനി കൃഷിക്കാർക്ക് കൂടുതൽ വിലലഭിക്കുമെന്നുള്ളതുകൊണ്ട് ഏറ്റവും വേഗം ഇംപ്ലിമെന്റ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ് : അതിനെപ്പറ്റി ആലോചിക്കാം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

II. അടിയന്തിരപ്രമേയം

മുനമ്പം അഴിമുഖത്തെ അപകടം

മിസ്റ്റർ സ്പീക്കർ: മരണക്കെണിയായി മാറിയിട്ടുള്ള മുനമ്പം അഴിമുഖത്തെ മണൽത്തിട്ടയിൽ തിങ്കളാഴ്ചരാത്രി വള്ളം ഇടിച്ചു തകരുകയും മൂന്നുപേർ മരിക്കുകയും ചെയ്തതിനെത്തുടർന്ന് നിലവിലിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എ. വി. താമരാക്ഷൻ, ടി. കെ. അബ്ദു, വി. കെ. രാജൻ, എ. കെ. ശശീന്ദ്രൻ, കെ. കൃഷ്ണൻകുട്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 A.M.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, തിങ്കളാഴ്ച രാത്രി മീൻപിടിക്കുവാൻ പോയ 14 മത്സ്യത്തൊഴിലാളികൾ സഞ്ചരിച്ചിരുന്ന ബോട്ട് മുങ്ങി മൂന്നുപേർ മരണപ്പെട്ടിരിക്കുകയാണ്. 11 പേർ രക്ഷപ്പെട്ടു. മരണപ്പെട്ട മൂന്നുപേരുടേയും ശവശരീരം കണ്ടുകിട്ടിയിട്ടുണ്ട്. 'സർ, നമ്മുടെ കടലോരങ്ങളിലെ ചില സ്ഥലങ്ങളിൽ ഈ തരത്തിലുള്ള മണൽത്തിട്ടകൾ തടസ്സം സൃഷ്ടിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ സ്ഥലത്തുതന്നെ ഒരു ഫിഷിംഗ് ഹാർബറിനുവേണ്ട പ്രോജക്ട് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ഇതു വളരെ ഗൗരവമായ ഒരു കാര്യംതന്നെയാണ്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ടാക്കുന്ന പല പോക്കറ്റ്സുകളും ഇതു പോലെ കേരളത്തിന്റെ പല ഭാഗത്തും ഉണ്ട്. ഇതിനെല്ലാം ഒരുമിച്ച് പരിഹാരം കാണാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ഏതായാലും ഓരോന്നിലായി പ്രോജക്ടുകൾ തയ്യാറാക്കാം. മുനമ്പത്തെ സംബന്ധിച്ചിടത്തോളം പ്രോജക്ട് അംഗീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിക്കാം. ഇതു കാലാകാലങ്ങളിലായി ഉള്ളതാണ്. ഇതിന് ഒരു അടിയന്തിരപ്രമേയത്തിന്റെ ആവശ്യമില്ല. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യം ശ്രദ്ധയിൽ കൊണ്ടുവന്നതിന് നന്ദിയുണ്ട്. ഈ കാര്യത്തിൽ തീർച്ചയായും ഗവൺമെന്റിനു സ്വീകരിക്കുവാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എ. വി. താമരാക്ഷൻ:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ലാഘവ ബുദ്ധിയോടുകൂടിയാണ് ഈ പ്രശ്നത്തെ കണ്ടത്. മത്സ്യത്തൊഴിലാളികളുടെ ജീവന് അല്പംപോലും ഈ ഗവൺമെന്റ് വിലകൽപ്പിക്കുന്നില്ല എന്നാണ് അദ്ദേഹത്തിന്റെ പ്രസ്താവനയിൽനിന്നും എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. തിങ്കളാഴ്ച രാത്രി ഉദ്ദേശം ഏഴരമണിയോടുകൂടിയാണ് മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചു വരികയായിരുന്ന യമഹ എഞ്ചിൻ ഘടിപ്പിച്ച ആണ്ടവൻ എന്ന നാടൻവള്ളം മുനമ്പം അഴിമുഖത്തെ മണൽത്തിട്ടയിൽ ഇടിച്ചു തകർന്നത്. അതിൽ ഉണ്ടായിരുന്ന 14 തൊഴിലാളികളും വെള്ളത്തിൽ പോയി. നാലഞ്ചുമണിക്കൂർനേരം മരണവുമായി മല്ലടിച്ചു കിടന്നു. ഈ തൊഴിലാളികളെല്ലാംതന്നെ മരിച്ചുപോകുമെന്ന സ്ഥിതിയുണ്ടായി. നാലഞ്ചുമണിക്കൂർ നേരം മരണവുമായി മല്ലടിച്ചതിനുശേഷം പതിനൊന്നു തൊഴിലാളികൾക്കാണ് കരയ്ക്കുകയറാൻ കഴിഞ്ഞത്. അതിൽ മൂന്നുപേർ ഇപ്പോഴും ഗുരുതരാവസ്ഥയിൽ ആശുപത്രിയിലാണ്. മറ്റു രണ്ടുപേർ അപ്പോൾത്തന്നെ മരിച്ചു. മറ്റൊരു തൊഴിലാളിയുടെ ശവശരീരം ഇന്നലെയാണ് കിട്ടിയത്. ചിറായ് സ്വദേശികളായ കൈതവിളയിൽ സത്യാനന്ദൻ മകൻ ബോസ് (20), കിഴക്കേടത്തു മാധവൻ മകൻ ബാബു (27) കരുവളശ്ശേരി കൊച്ചുമോൻ മകൻ മുരളി (23) എന്നിവരാണ് മരണപ്പെട്ടത്. ഇതിൽ മുരളിയുടെ മൃതദേഹം ഇന്നലെ ഉച്ചയോടുകൂടിയാണ് കിട്ടിയത്. മുനമ്പം അഴിമുഖത്ത് കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ഇതുപോലെയുള്ള ഒട്ടനേകം അപകടം ഉണ്ടാകുകയും നൂറുകണക്കിനു വള്ളങ്ങളും ഫിഷിംഗ് ബോട്ടുകളും തകരുകയും ചെയ്തിട്ടുണ്ട്. ഇതിനുമുമ്പും ഈ സഭയിൽത്തന്നെ ശ്രീ. വി. കെ. രാജനും, ശ്രീ. പി. കെ. വേലായുധനും അടക്കമുള്ള മെമ്പർമാർ ഈ കാര്യം ഉന്നയിച്ചിട്ടുള്ളതാണ്. അപ്പോഴൊക്കെ മുനമ്പം അഴിമുഖത്തെ മണൽ ഡ്രെഡ്ജർ ഉപയോഗിച്ച് മാറ്റി ആഴം കൂട്ടാനുള്ള നടപടി സ്വീകരിക്കുമെന്നു പറഞ്ഞതാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റോ പോർട്ട് അധികൃതരോ ഈ രംഗത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല. തിങ്കളാഴ്ചയുണ്ടായ അപകടത്തിൽ അടക്കം 48 തൊഴിലാളികളുടെ ജീവനാണ് മുനമ്പം അഴിമുഖത്തു ഹോമിക്കപ്പെട്ടിട്ടുള്ളത്. തിങ്കളാഴ്ചയുണ്ടായ മരണത്തിൽ 27-ഉം 28-ഉം 23-ഉം വയസ് പ്രായമുള്ള, ഓരോ കുടുംബത്തിന്റെ നെടുംതൂണുകളായ ആളുകളാണ് നഷ്ടപ്പെട്ടിരിക്കുന്നത്. അവരെ രക്ഷിക്കാൻ യാതൊരു രക്ഷാ സന്നാഹവും ഉണ്ടായിട്ടില്ല. തൊഴിലാളികൾ മരണത്തോടു മല്ലടിച്ചുകൊണ്ട് കടലിൽ കിടക്കുമ്പോൾ അവരെ

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കാൻവേണ്ട നടപടികൾ ഉണ്ടായിട്ടില്ല. ഞാൻ ഇപ്പോഴും ഓർക്കുന്നു. കഴിഞ്ഞ നാലുമാസത്തിനുമുമ്പ് എന്റെ നിയോജകമണ്ഡലത്തിൽ ഇതുപോലെ മൂന്നു തൊഴിലാളികൾ വെള്ളത്തിൽ വീണുപോയി. അതിൽ രണ്ടുപേർ സഹോദരന്മാരാണ്. ഐ. ടി. ഐ. പാസ്സായ ഒരാൾ ജോലിയില്ലാത്തതുകൊണ്ട് മീൻ പിടിക്കുവാൻ പോയതാണ്. നീന്തൽ അറിയാമായിരുന്നു. ആഴക്കടലിൽവച്ച് വള്ളം തകർന്നു. ചേട്ടനും അനുജനും വള്ളം തകർന്ന് മരിച്ചുകിടക്കുകയാണ്. 22 കിലോമീറ്ററോളം ആഴത്തിലേക്ക് അനുജൻ താണുപോകുമ്പോൾ പറയുന്നു, ചേട്ടൻ എങ്കിലും രക്ഷപ്പെടണം, എന്റെ അമ്മയെ രക്ഷിക്കണം. ഞാൻ ഇതാ പോകുന്നു എന്ന്. സ്വന്തം സഹോദരന്റെ അരികിൽനിന്നും വെള്ളത്തിലേക്ക് പോയപ്പോൾ പറഞ്ഞതാണ്. അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ തൊഴിലാളികളെ സഹായിക്കാനും രക്ഷിക്കാനും ഉള്ള യാതൊരു സംവിധാനവും ഇന്നില്ല. എത്ര സംഭവങ്ങൾ മുനമ്പം അഴിമുഖത്തുതന്നെ നടന്നു. അവിടുത്തെ മണൽത്തിട്ട എല്ലാം കോരി ആഴംകൂട്ടണമെന്ന് എത്രയോ നാളുകളായി കേരളത്തിലെ മത്സ്യത്തൊഴിലാളി സംഘടനകളും രാഷ്ട്രീയപ്പാർട്ടികളും ആവശ്യപ്പെടുന്നതാണ്. ഒരു നടപടിയും ഈ രംഗത്തുണ്ടായിട്ടില്ല. അതുമാത്രമല്ല ആ മണൽത്തിട്ടയിൽ, അപകടമുണ്ടാകുന്ന മേഖലയിൽ അപായ സൂചന കാണിക്കുന്ന ഒരു സംവിധാനമുണ്ടായിരുന്നെങ്കിൽ അപകടം മനസ്സിലാക്കാൻ കഴിയുമായിരുന്നു. അതുപോലും ഉണ്ടാക്കാൻ സംസ്ഥാനഗവൺമെന്റ് തയ്യാറായിട്ടില്ല. മരണമടഞ്ഞ തൊഴിലാളികളുടെ കുടുംബത്തിന് വെറും അഞ്ഞൂറു രൂപ സഹായമാണ് കൊടുത്തത്. ഉയർന്ന ഉദ്യോഗസ്ഥന്മാർപോലും മേഖലയിൽ ചെല്ലുവാൻ തയ്യാറായിട്ടില്ല. മുനമ്പം മേഖലയിൽ ഇന്നു ദുഃഖം തളംകെട്ടി നിൽക്കുകയാണ്. മാറത്തലച്ചു കരയുന്ന അമ്മമാരേയും കുട്ടികളേയും ആശ്വസിപ്പിക്കാൻ പോലും ഒരൊറ്റ ഉദ്യോഗസ്ഥരും അവിടെ എത്തിയിട്ടില്ല. ഇത്തരം തൊഴിലാളികൾ ഇനിയും ഹോമിക്കപ്പെടാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ഈ കാര്യം ചർച്ചചെയ്യണമെന്നു ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): മുന്നു ജീവൻ അപഹരിച്ച ഒരു സംഭവം ഹൃദയമുള്ള ഏതൊരു മനുഷ്യനെയും വേദനിപ്പിക്കാതെയിരിക്കുകയില്ല. ഇതു ലാഘവമായി കണ്ടു എന്നു പറഞ്ഞാൽ എന്റെ സുഹൃത്ത് ശ്രീ. താമരാക്ഷന് ഏതു പ്രശ്നമായാലും ക്രൂരമായി മാത്രമേ സമീപിക്കാൻ കഴിയൂ എന്നത് നിർഭാഗ്യകരമാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു പ്രശ്നം ചൂണ്ടിക്കാണിച്ചു. ഇതൊരു പ്രശ്നമാണ്. ഇന്നും ഇന്നലെയും ഉള്ളതല്ല. നമ്മൾ എല്ലാം കൂട്ടായി അതു പരിഹരിക്കുവാൻ ശ്രമിക്കുകയാണ്. ഗവൺമെന്റ് ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻവേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഒരു കാര്യം ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നു കൊണ്ട് മാത്രമേ ചെയ്യാൻസാധിക്കൂ. ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്താനാവശ്യമായ നടപടികൾ സ്വീകരിക്കും. ആവശ്യമായ മുന്നറിയിപ്പ് കൊടുക്കാനും, അവരെ തടയാനും സാധിക്കുമോയെന്നും പരിശോധിക്കാം. ഈ സ്ഥലങ്ങളിലൊക്കെ ഫിഷിംഗ് ഹാർബർ ഉണ്ടാക്കുകയാണ് ഇതിനൊരു പരിഹാരം. മണ്ണുമാന്തിയെടുത്ത് കുറേക്കൂടി ഫ്രീയായിട്ട് മൂവ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഉടൻതന്നെ പതിനായിരം രൂപ വീതം സഹായധനം അവർക്ക് കൊടുക്കാം.

മിസ്റ്റർ സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുകയാണ്.

III. ശ്രദ്ധ ക്ഷണിക്കൽ

1. അട്ടപ്പാടിയിലെ കൊടുങ്കരപ്പള്ളം പുഴയിൽനിന്ന് തമിഴ്നാട് ഗവൺമെന്റ് വെള്ളം കൊണ്ടുപോകുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തെക്കുറിച്ച്

ശ്രീ. പി. കുമാരൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കിഴക്കേ അട്ടപ്പാടിയിൽ വരൾച്ചകൊണ്ട് പൊറുതിമുട്ടുന്നു. അങ്ങനെ അട്ടപ്പാടിപ്രദേശത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തെക്കുറിച്ചാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നത്. അട്ടപ്പാടി പ്രദേശത്തിന്റെ കിഴക്കൻ മേഖല തമിഴ്നാടുമായി ബന്ധപ്പെട്ട പ്രദേശമാണ്. നമ്മുടെ കേരളത്തിന്റെ അതിർത്തി പ്രദേശത്തുകൂടി ഒഴുകിക്കൊണ്ടിരിക്കുന്ന കൊടുങ്കരപ്പള്ളം പുഴയിൽനിന്ന് തമിഴ്നാട് ഗവൺമെന്റ് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതായിട്ടാണ് അറിയാൻ കഴിഞ്ഞത്. ഈ വിവരം ബന്ധപ്പെട്ട കളക്ടറേയും മറ്റും ഇതിനുമുമ്പുതന്നെ ഞാൻ അറിയിച്ചതാണ്. തമിഴ്നാട്ടിലെ ഉദ്യോഗസ്ഥന്മാർ കേരളത്തിലെ വെള്ളം കാണുമ്പോൾ അത്യാഗ്രഹത്തോടുകൂടി പ്രവർത്തിക്കുന്നതിന്റെ ഫലമായി അട്ടപ്പാടിയിലെ ആ പ്രദേശത്തുള്ള ജനങ്ങളെ വളരെ ഗുരുതരമായ അവസ്ഥയിലേക്ക് എത്തിച്ചിരിക്കുകയാണ്. അട്ടപ്പാടിയിലെ ഈ പ്രദേശത്ത് ഉള്ള കേരളത്തിന്റെ ഏതാനും ഭാഗങ്ങൾ തമിഴ്നാടിനോട് യോജിപ്പിക്കുന്ന രീതിയിലുള്ള പല പ്രവർത്തനങ്ങളും അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ആ പ്രദേശത്തെ മണ്ണാർക്കാട് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതാനും വീടുകൾ അതിന്റെ 1981 വരെയുള്ള പഞ്ചായത്തു നികുതി അടക്കം ഷോളയാർ പഞ്ചായത്തിൽ അടച്ചതിനുശേഷം തമിഴ്നാടിന്റെ സെറ്റിലേഴ്സ് ആയിട്ട് ആ

LIBRARY ARCHIVES Kerala Legislative Assembly